പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3025 | 13/10/2011 - ൽ മറുപടിക്ക്

## പോലീസ് ഉദ്യോഗസ്ഥർക്ക് ഗുണ്ടാ മാഫിയകളുമായുള്ള ബന്ധം

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്തെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന വിശദമാക്കുമോ; | (എ) | വ്യക്തിപരമായ കാരണങ്ങളാലോ ഔദ്യോഗികപദവി ദുരുപയോഗം ചെയ്യുന്നതിനാലോ, തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നഅധികാരം അറിഞ്ഞോ അറിയാതെയോ ലംഘിക്കുന്നതുമൂലമോ പോലീസുദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്നത് ഗൗരവതരമായി കണ്ടു കൊണ്ട് അത്തരം പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും മേലിൽ ഇത്തരം സംഭവങ്ങൾ പോലീസ് സേനയിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതിനുമായി സംസ്ഥാന പോലീസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. പോലീസ് സേനയിൽ ക്രിമിനൽ വാസന തുടക്കത്തിലേ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ക്രിമിനൽപശ്ചാത്തലമുള്ള ട്രെയിനികളുടെയും, ട്രെയിനിംഗ്പൂർത്തിയാക്കിയവരുടെയും ലിസ്റ്റ് തയ്യാറാക്കുകയും ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരെ സേനയിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതുമാണ്. |

(ബി) പോലീസുകാരുടെ സ്വകാര്യജീവിതം നിരീക്ഷിക്കാനും ഗുണ്ടാ മാഫിയബന്ധമുള്ളവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകുമോ;

(സി) ഓരോ പോലിസ് ഉദ്യോഗസ്ഥനും തന്റെ തൊട്ടുതാഴെയുള്ള ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങളെ നിരീക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ നിയമവിരുദ്ധ ഇടപെടലുകൾക്കെതിരെ നടപടിയെടുക്കാൻ വൈകിയാൽ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

(ബി) ഇതിനാവശ്യമായ വ്യവസ്ഥകൾ ഉൾകൊള്ളിച്ച്കൊണ്ട് സംസ്ഥാന പോലീസ്മേധാവി സർക്കുലർ നം.15/11 പ്രകാരം നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

(സി) & (ഡി) മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ